# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6558** **08/11/2016-ൽ മറുപടിക്ക്**

### ഡോക്ടറുടെ വ്യക്തമായ കുറിപ്പ് ഉണ്ടെങ്കിലും മരുന്നുകൾ നൽകാത്ത മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ഡോക്ടറുടെ വ്യക്തമായ കുറിപ്പ് ഉണ്ടെങ്കിലും മരുന്നുകൾ നൽകാത്ത മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | **എ)** ഡ്രഗ് പ്രൈസ് കൺട്രോൾ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം മരുന്ന് നിർമ്മാതാക്കളോ വിതരണക്കാരോ മതിയായ കാരണങ്ങൾ ഇല്ലാതെ ഉപഭോക്താക്കൾക്ക് മരുന്നുകൾ നൽകുന്നത് നിഷേധിക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ, ഡോക്ടറുടെ വ്യക്തമായ കുറിപ്പടിയുണ്ടെങ്കിലും മരുന്നുകൾ നിഷേധിക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| **ബി)** ഡോക്ടർമാർ വ്യക്തമായ കുറിപ്പ് നൽകിയാലും മരുന്നുകൾ നൽകാത്ത സ്റ്റോറുകൾക്കെതിരെ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | **ബി)** ഡോക്ടർമാർ വ്യക്തമായ കുറിപ്പ് നൽകിയാലും മരുന്നുകൾ നൽകാത്ത സ്റ്റോറുകൾക്കെതിരെയുള്ള പരാതികൾ ഒന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| **സി)** തിരുവനന്തപുരം സിറ്റിയിൽ തന്നെ ഇത്തരത്തിലുള്ള മെഡിക്കൽ സ്റ്റോറുകളുണ്ടെന്ന കാര്യം ഡ്രഗ്സ് കൺട്രോളർക്ക് അറിയാമായിരുന്നിട്ടും നടപടി എടുക്കുന്നില്ലെന്ന കാര്യം വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | **സി)** പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്ന വിവരം വകുപ്പ് മേധാവിയായ ഡ്രഗ്സ് കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോളറുടെ വ്യക്തമായ അഭിപ്രായം ലഭ്യമാക്കുമോ? | ഡി) | മതിയായ കാരണങ്ങൾ ഇല്ലാതെ ഉപഭോക്താക്കൾക്ക് മരുന്നുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെടുകയോ ആയത് സംബന്ധിച്ച പരാതികൾ ലഭ്യമാകുകയോ ചെയ്യുന്ന പക്ഷം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**